REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-08-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **വയനാട് ദുരന്ത മേഖലയിലെ ഏഴാം ദിവസത്തെ തെരച്ചിൽ അൽപ സമയത്തിനകം തുടങ്ങും. ബെയ്‌ലി പാലം വഴി ചൂരൽമലയിലേക്കും മുണ്ടക്കൈയിലേക്കും ഇന്ന് മുതൽ പ്രവേശനം നിയന്ത്രിക്കുമെന്ന് മന്ത്രി K രാജൻ.**
- **രാഷ്ട്രപതി ദ്രൗപദി മുർമു മൂന്ന് രാജ്യങ്ങളിലെ സന്ദർശനത്തിന്റെ ഭാഗമായി ഫിജി തലസ്ഥാനമായ സുവയിൽ എത്തി.**
- **പൊതുവിദ്യാഭ്യാസവകുപ്പിന്റെ ദക്ഷിണമേഖലാ ഫയൽ അദാലത്ത് രാവിലെ കൊല്ലത്ത്.**
- **സംസ്ഥാനത്ത് ഇന്നും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **മലപ്പുറം പാണ്ടിക്കാട്ടെ വവ്വാൽ സാമ്പിളിൽ നിപാ വൈറസ് ആന്റിബോഡി സാന്നിധ്യം കണ്ടെത്തി.**

## വാർത്തകൾ വിശദമായി

**വയനാട് ദുരന്ത മേഖലയിലെ ഏഴാം ദിവസത്തെ തെരച്ചിൽ അൽപ സമയത്തിനകം തുടങ്ങും. തെരച്ചിലിന് ചൂരൽമലയുടെ മുകളിലേക്ക് പോകുന്നവരുടെ എണ്ണം നിയന്ത്രിക്കാൻ ഇന്നലെ തീരുമാനിച്ചിരുന്നു.**

ഇതുവരെ 221 പേർ ദുരന്തത്തിൽ മരിച്ചെന്നാണ് ഔദ്യോഗിക കണക്ക്. 135 മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടു നൽകി. 180 പേരെ ഇനി കണ്ടെത്താനുണ്ട്.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്.........

ബെയ്‌ലി പാലം വഴി ചൂരൽമലയിലേക്കും മുണ്ടക്കൈയിലേക്കും ഇന്ന് മുതൽ പ്രവേശനം നിയന്ത്രിക്കുമെന്ന് മന്ത്രി K രാജൻ അറിയിച്ചു. പാലത്തിലൂടെ രാവിലെ ആറ് മുതൽ ഒൻപത് വരെ 1,500 പേരെ മാത്രമെ കടത്തി വിടൂ. കൂടുതൽ ആളുകൾ വരുന്നത് തെരച്ചിലിനും സന്നദ്ധ പ്രവർത്തനങ്ങൾക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്ന സാഹചര്യത്തിലാണ് നടപടി. ഇന്നലെ കലക്ട്രേറ്റിൽ ചേർന്ന മന്ത്രിസഭാ ഉപസമിതി യോഗത്തിനു ശേഷമാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

ചൂരൽമലയിലും മുണ്ടക്കൈയിലും രക്ഷാ പ്രവർത്തകർക്ക് ഭക്ഷണം ലഭിക്കുന്നില്ലെന്ന പരാതി അടിസ്ഥാന രഹിതമാണെന്ന് മന്ത്രി പറഞ്ഞു. ഓരോ ദിവസവും ആവശ്യമായ ഭക്ഷണം എത്തിച്ചു നൽകുന്നുണ്ട്. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ പരിശോധിച്ച ശേഷമാണ് ഭക്ഷണം വിതരണം ചെയ്യുന്നത്. പഴകിയതും ഗുണമേന്മ ഇല്ലാത്തതുമായ ഭക്ഷണം വിതരണം ചെയ്യുന്നത് തടയാൻ വേണ്ടിയാണ് ഈ ക്രമീകരണമെന്ന് മന്ത്രി വിശദീകരിച്ചു.

ഉരുൾപൊട്ടൽ പ്രദേശത്തിന്റെ പഴയ കോണ്ടൂർ മാപ്പും പുതിയ ഡ്രോൺ മാപ്പും താരതമ്യം ചെയ്ത്, കല്ലും മണ്ണും വന്നു കൂടിയ സ്ഥലങ്ങളുടെ ഉയര വ്യത്യാസം കണക്കിലെടുത്ത് കൂടുതൽ പരിശോധന നടത്തും. ദുരിത മേഖലയിലെ തെരച്ചിലിന് മീററ്റിൽ നിന്ന് സൈന്യമെത്തും. പ്രത്യേക പരിശീലനം നേടിയ നാല് നായ്ക്കളെ വിമാനത്തിൽ എത്തിക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

വയനാട് ഉരുൾപൊട്ടലിൽ ജീവൻ നഷ്ടപ്പെട്ടവർക്കായി ചാലിയാർ പുഴയിൽ നടത്തിയ തിരച്ചിലിൽ ഇന്നലെ രണ്ട് മൃതദേഹങ്ങളും 10 ശരീര ഭാഗങ്ങളും കണ്ടെടുത്തു. ഇതോടെ മലപ്പുറം ജില്ലയിൽ നിന്ന് ആകെ ലഭിച്ച മൃതദേഹങ്ങൾ 75 ഉം ശരീരഭാഗങ്ങൾ 142-ഉം ആയി. ഇതിൽ 38 ശരീരങ്ങൾ പുരുഷന്മാരുടെയും 30 എണ്ണം സ്ത്രീകളുടേതുമാണ്. മൂന്ന് ആൺകുട്ടികളുടെയും നാല് പെൺകുട്ടികളുടെയും മൃതദേഹങ്ങളും കണ്ടെടുത്തു.

ചാലിയാർ പുഴയോട് ചേർന്ന വനമേഖലയിലായിരുന്നു ഇന്നലെത്തെ തിരച്ചിൽ.

✪✪✪

വയനാട് ദുരന്തത്തിൽ മരിച്ച എട്ട് പേരെ പുത്തുമലയിൽ സർവ്വമത പ്രാർത്ഥനയോടെ സംസ്കരിച്ചു. തിരിച്ചറിയാൻ കഴിയാതിരുന്നവരുടെ മൃതദേഹങ്ങളാണ് ഇവയെല്ലാം. ഹാരിസൺ മലയാളം പ്ലാന്റേഷന്റെ സ്ഥലത്ത് ഇന്നലെ രാത്രി പത്തരയോടെയായിരുന്നു സംസ്കാരം. ദുരന്ത

പശ്ചാത്തലത്തിൽ ഗവൺമെന്റ് തയ്യാറാക്കിയ മാർഗ്ഗ നിർദേശ പ്രകാരം വിവിധ മതാചാരങ്ങൾ അനുസരിച്ച് പ്രാർത്ഥനകളും ചടങ്ങുകളും നടത്തിയ ശേഷമാണ് മൃതദേഹങ്ങൾ സംസ്കരിച്ചത്.

മന്ത്രിമാരായ O.R കേളു, K. രാജൻ, A.K ശശീന്ദ്രൻ, M.B രാജേഷ്, MLA ടി. സിദ്ധീഖ്, മറ്റ് ജനപ്രതിനിധികൾ, കലക്ടർ അടക്കം മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ അന്ത്യോപചാരമർപ്പിച്ചു.

✪✪✪

വയനാട് ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകളും കളക്ഷൻ സെന്ററുകളുമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴികെ മറ്റ് സ്ഥാപനങ്ങൾക്ക് ഇന്ന് മുതൽ തുറന്ന് പ്രവർത്തിക്കാമെന്ന് ജില്ലാ കലക്ടർ D.R. മേഘശ്രീ അറിയിച്ചു. കുട്ടികളുടെ സുരക്ഷിതത്വം അധ്യാപകരും രക്ഷിതാക്കളും ഉറപ്പു വരുത്തണമെന്ന് ജില്ലാ കലക്ടർ നിർദേശിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു മൂന്ന് രാജ്യങ്ങളിലെ സന്ദർശനത്തിന്റെ ഭാഗമായി ഫിജി തലസ്ഥാനമായ സുവയിൽ എത്തി. ഫിജി, ന്യൂസിലാൻഡ്, തിമോർ-ലെസ്റ്റെ എന്നീ രാജ്യങ്ങളാണ് രാഷ്ട്രപതി സന്ദർശിക്കുന്നത്. ഫിജിയൻ പാർലമെന്റിനെ അഭിസംബോധന ചെയ്യുന്ന രാഷ്ട്രപതി സുവയിൽ ഉഭയകക്ഷി ചർച്ചയിലും പങ്കെടുക്കും. കേന്ദ്ര സഹമന്ത്രി ജോർജ്കുര്യൻ സന്ദർശനത്തിൽ രാഷ്ട്രപതിയെ അനുഗമിക്കുന്നുണ്ട്.

✪✪✪

ലോക്സഭ ഇന്ന് നടപ്പ് സാമ്പത്തിക വർഷത്തെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ ധനാഭ്യർത്ഥനയിൽ കൂടുതൽ ചർച്ചകൾ നടത്തും. ഗോവ നിയമസഭാ മണ്ഡലങ്ങളിലെ പട്ടികവർഗ പ്രാതിനിധ്യ പുനഃക്രമീകരണം സംബന്ധിച്ച ബിൽ ഇന്ന് സഭയിൽ അവതരിപ്പിച്ചേക്കും.

രാജ്യസഭയിൽ എണ്ണപ്പാടങ്ങൾ - നിയന്ത്രണവും വികസനവും ഭേദഗതി ബിൽ 2024 അവതരിപ്പിക്കും. കൃഷി മന്ത്രാലയത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച ചർച്ചയും രാജ്യസഭയിൽ ഉണ്ടായിരിക്കും.

✪✪✪

പൊതുവിദ്യാഭ്യാസവകുപ്പിന്റെ ദക്ഷിണമേഖലാ ഫയൽ അദാലത്ത് രാവിലെ കൊല്ലം തങ്കശേരി സെന്റ് അലോഷ്യസ് ഹയർ സെക്കന്ററി സ്കൂളിൽ മന്ത്രി V. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ സെക്കൻഡറി, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ കഴിഞ്ഞ ഡിസംബർ 31 വരെ ലഭിച്ചതും, തീർപ്പാകാത്തതുമായ അപേക്ഷകളാണ് അദാലത്തിൽ പരിഗണിക്കുന്നത്.

✪✪✪

പാരീസ് ഒളിമ്പിക്സിലെ പുരുഷ ഹോക്കി സെമിയിൽ ഇന്ത്യ നാളെ ജർമനിയെ നേരിടും. ക്വാർട്ടർ ഫൈനലിൽ ബ്രിട്ടനെ പെനാൽറ്റി ഷൂട്ടൗട്ടിൽ രണ്ടിനെതിരെ നാലു ഗോളിന് തോൽപ്പിച്ചാണ് ഇന്ത്യ സെമിയിൽ എത്തിയത്. ഗോൾകീപ്പറും

മലയാളിയുമായ P.R ശ്രീജേഷിന്റെ മികച്ച പ്രകടനമാണ് ഇന്ത്യൻ സംഘത്തിന് കരുത്തേകിയത്. ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ സെമി ഫൈനലിൽ പുറത്തായ ഇന്ത്യയുടെ ലക്ഷ്യ സെൻ ഇന്ന് വെങ്കലത്തിനായി ഡെൻമാർക്ക് താരത്തെ നേരിടും.

✪✪✪

ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ശ്രീലങ്ക, ഇന്ത്യയെ 32 റൺസിന് പരാജയപ്പെടുത്തി. കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ 241 റൺസ് വിജയലക്ഷ്യവുമായി കളിക്കാനിറങ്ങിയ ഇന്ത്യ 42.2 ഓവറിൽ 208 റൺസിന് പുറത്തായി. ഇതോടെ പരമ്പരയിൽ ഒരു മത്സരം ജയിച്ച് ശ്രീലങ്ക മുന്നിട്ടു നിൽക്കുയാണ്. ആദ്യ മത്സരം ടൈ ആയി മാറുകയായിരുന്നു.

മൂന്നാമത്തെയും അവസാനത്തെയും മത്സരം ബുധനാഴ്ചയാണ്.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെ ന്യൂനമർദപാത്തിയുടെ ഫലമായാണ് മഴ കനക്കുന്നത്. ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ആലപ്പുഴ, എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് മഞ്ഞ ജാഗ്രത. കേരള തീരത്ത് ഉയർന്ന തിരമാലക്കും, കള്ളക്കടൽ പ്രതിഭാസത്തിനും

സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

✪✪✪

കണ്ണൂർ മട്ടന്നൂരിനടുത്ത് കീച്ചേരി ചെള്ളേരിയിൽ ജനവാസകേന്ദ്രത്തിലെ കുന്നിന്റെ ഉള്ളിൽ നിന്ന് വെള്ളമൊഴുകുന്ന ശബ്ദം കേട്ടതിനെ തുടർന്ന് സമീപത്തെ കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു. ഇന്നലെ ഉച്ചമുതലാണ് വെള്ളമൊഴുകുന്ന ശബ്ദം കേട്ടുതുടങ്ങിയത്. എന്നാൽ വെള്ളം പുറത്തേക്ക് വരുന്നുണ്ടായിരുന്നില്ല. രാത്രിയോടെ, 11 കുടുംബങ്ങൾ ബന്ധുവീടുകളിലേക്ക് മാറുകയായിരുന്നു.

✪✪✪

മലവെള്ളപ്പാച്ചിലിൽ നാശനഷ്ടം സംഭവിച്ച കണ്ണൂർ ജില്ലയിലെ വിവിധ സ്ഥലങ്ങൾ BJP ദേശീയ നിർവ്വാഹക സമിതി അംഗം P.K. കൃഷ്ണദാസിന്റെ നേതൃത്വത്തിൽ സന്ദർശിച്ചു. പാർട്ടി ജില്ലാ പ്രസിഡന്റ് N. ഹരിദാസ്, ഉൾപ്പെടെ നേതാക്കൾ സംഘത്തിൽ ഉണ്ടായിരുന്നു.

✪✪✪

നിപ കേസ് റിപ്പോർട്ട് ചെയ്ത മലപ്പുറത്തെ പാണ്ടിക്കാട് നിന്നെടുത്ത വവ്വാൽ സാമ്പിളിൽ വൈറസിന്റെ ആന്റിബോഡി സാന്നിധ്യം കണ്ടെത്തിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. രോഗം കണ്ടെത്തിയ സ്ഥലത്തിന്റെ അഞ്ച് കിലോമീറ്റർ ചുറ്റളവിൽ പഴംതീനി വവ്വാലുകളിൽ നിന്നെടുത്ത 27 സാമ്പിളുകളിൽ ആറെണ്ണത്തിലാണ് ആന്റിബോഡി കണ്ടെത്തിയത്.

ഇതുവരെ നിപ പ്രോട്ടോകോൾ പ്രകാരം നടത്തിയ പരിശോധനകളിൽ സമ്പർക്കപ്പട്ടികയിലെ എല്ലാവരുടേയും പരിശോധനാ ഫലങ്ങൾ നെഗറ്റീവാണ്.

✪✪✪

കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന പ്രസിഡന്റായി മാധ്യമം തിരുവനന്തപുരം ന്യൂസ് എഡിറ്റർ K.P റജിയേയും ജനറൽ സെക്രട്ടറിയായി ജനയുഗം സീനിയർ റിപ്പോർട്ടർ സുരേഷ് എടപ്പാളിനേയും തെരഞ്ഞെടുത്തു. ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി കൂടിയാണ് സുരേഷ് എടപ്പാൾ.

✪✪✪

ആര്യനാട് കരമനയാറ്റിൽ കുളിക്കാൻ ഇറങ്ങിയ നാലുപേർ ഇന്നലെ വൈകിട്ട് മുങ്ങിമരിച്ചു. പോലീസ് ഡ്രൈവർ അനിൽകുമാറും, മകൻ അമൽ, ജ്യേഷ്ഠന്റെ മകൻ അദ്വൈത്, സഹോദരിയുടെ മകൻ ആനന്ദ് എന്നിവരുമാണ് മരിച്ചത്.

വെള്ളത്തിൽ മുങ്ങിയ സഹോദരിയുടെ മകനെ രക്ഷിക്കാൻ പുഴയിൽ ഇറങ്ങിയതായിരുന്നു അനിൽകുമാറും കൂടെ ഉണ്ടായിരുന്നവരും. മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ സംഭവ സ്ഥലത്ത് എത്തി.

✪✪✪

കൊല്ലം എഴുകോണിൽ പാറക്വാറിയിൽ നീന്താനിറങ്ങിയ വിനോദസഞ്ചാരിയായ യുവാവ് ഇന്നലെ വൈകിട്ട് മുങ്ങിമരിച്ചു. പുതുച്ചേരി വിലിനൂർ സ്വദേശി ഇമ്മാനുവലാണ്

മരിച്ചത്. ഒപ്പം ഉണ്ടായിരുന്നയാളെ ഫയർഫോഴ്സ് സ്കൂബ ടീം രക്ഷിച്ചു.

✪✪✪

കോഴിക്കോട് ജില്ലയിലെ മൂന്ന് താലൂക്കുകളിലായി പ്രവർത്തിക്കുന്ന ഒൻപത് ദുരിതാശ്വാസ ക്യാമ്പുകൾ ഒഴികെ മറ്റ് ക്യാമ്പുകളുടെ പ്രവർത്തനം അവസാനിപ്പിച്ചു. വടകര, കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിലാണ് ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. 315 കുടുംബങ്ങളിലെ 913 പേർ ക്യാമ്പുകളിലുണ്ട്. ഇവ പ്രവർത്തിക്കുന്ന വിദ്യാലങ്ങൾക്ക് ജില്ലാ കലക്ടർ ഇന്ന് അവധി നൽകി.

✪✪✪

വയനാട് ദുരന്തത്തിൽ SNDP യോഗം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 25 ലക്ഷം രൂപ നൽകും. ദുരന്തത്തിൽ അടിപതറിയ ജനങ്ങളെ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരാൻ ശാസ്ത്രീയവും ദീർഘ വീക്ഷണത്തോടു കൂടിയ പദ്ധതികളും വേണമെന്ന് യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ആവശ്യപ്പെട്ടു.

✪✪✪

രാജ്യത്തെ ബ്രെയിൽ പ്രസ് സാങ്കേതിക വിദഗ്ധർക്കായി സംഘടിപ്പിക്കുന്ന കപ്പാസിറ്റി ബിൽഡിംഗ് പരിശീലനം ഇന്ന് തിരുവനന്തപുരത്ത് ആരംഭിക്കും. കേരളാ ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് ആസ്ഥാനത്ത് മൂന്ന് ദിവസമാണ് പരിശീലനം.

✪✪✪

കോഴിക്കോട് വിലങ്ങാട് ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ട അഞ്ച് കുടുംബങ്ങൾക്ക് തൂണേരി ബ്ലോക്ക് പഞ്ചായത്ത് വീട് നിർമ്മിച്ച് നൽകും. വാണിമേൽ ഗ്രാമപഞ്ചായത്തിൽ സ്ഥലം ലഭിച്ചാൽ സ്ഥിരം ഷെൽട്ടൽ നിർമ്മിച്ചു നൽകുമെന്നും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു.